# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമാരമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-1773/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 07/02/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-1773/2022 തീയ്യതി: 07/02/2023

## ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-09-2021 മുതൽ 20-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2022 | 26-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-11-2022 | 26-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. രാജീവ് എം.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൾ അലി കുന്നൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷെമീന നാസർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷേർലി ജോൺ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സീന എം. എസ്. | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. മീര ശ്രുതി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 04-05-2021 |
| ഡോ. ജയജീന | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 05-05-2021 | 19-11-2021 |
| ഡോ. സുരഭി കൃഷ്ണ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 20-11-2021 | 31-03-2022 |
| ഡോ. മിനി പി.എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. രമ്യ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. പ്രീത സൈമൺ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. റഷീദ പി.റ്റി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. റിനു തോമസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ശ്രീകുമാർ ജി. | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ബിജോയി ജോൺ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. ജോസൻ മാത്യൂ | വി.ഇ.ഒ. (ഈസ്റ്റ് കല്ലൂർ സർക്കിൾ ) | 01-04-2021 | 07-10-2021 |
| ശ്രീമതി. രശ്മി ഇ.എസ്. | വി.ഇ.ഒ. (ഈസ്റ്റ് കല്ലൂർ സർക്കിൾ) | 08-10-2021 | 31-03-2022 |
| ശ്രീ. ജോസൻ മാത്യൂ | വി.ഇ.ഒ. (പെരുമ്പിള്ളിച്ചിറ | 01-04-2021 | 07-10-2021 |

| | | | |
|---|---|---|---|
| | സർക്കിൾ) | | |
| ശ്രീമതി. ലസീല പി.എസ്. | വി.ഇ.ഒ. (പെരുമ്പിള്ളിച്ചിറ സർക്കിൾ) | 08-10-2021 | 31-03-2022 |
| ശ്രീമതി. നൈനി മോൾ ഐ.ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റിൽ അധികരിച്ച ചെലവ് | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പട്ടികവർഗ്ഗ വികസനഫണ്ടിൽ തൻവർഷം ചെലവ് ഇല്ല | 1-3-1 |
| 6 | റോഡിതര മെയിന്റനൻസ് ഫണ്ടിൽ ചെലവ് 79.27ശതമാനം | 1-3-2 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | മോണിട്ടറിംഗ് സമിതി കാര്യക്ഷമമല്ല | 1-4-1 |
| 9 | പ്രൊക്യൂർമെന്റ് | 1-4-2 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 11 | ക്ഷേമപെൻഷനുകൾ | 1-6 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 14 | വാർഷികകണക്കിലെ അപാകതകൾ | 1-9 |
| 15 | കോവിഡ്-ഡൊണേഷൻ ലഭ്യമായ തുക ബാധ്യതയായി കാണിച്ചിരിക്കുന്നു | 1-9-1 |
| 16 | വസ്തു നികുതി- അക്രൂവൽ ഡിമാന്റ് തുക വർഷാദ്യം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല | 1-9-2 |
| 17 | വസ്തു നികുതി വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-10 |
| 18 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ | 1-11 |
| 19 | തനത് ഫണ്ട് തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല- ഓഡിറ്റ് ഇംപാക്ട് | 1-12 |
| 20 | 2021 ഏപ്രിൽ മാസത്തെ വൗച്ചർ - പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-13 |
| 21 | എൻ.പി.എസ് വിഹിതം- നാളിത് വരെ അടവാക്കിയിട്ടില്ല | 1-14 |
| 22 | ആർജിതാവധി പണമാക്കൽ - ടെക്നിക്കൽ അസിസ്റ്റന്റിന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല | 1-15 |
| 23 | പഞ്ചായത്തിന്റെ മെഡിക്കൽ ഓഫീസർമാർ മരുന്ന് വാങ്ങുന്നതിന് തുക നൽകിയിട്ടും മരുന്ന് ലഭ്യമാകാത്തത് -സംബന്ധിച്ച് | 1-16 |
| 24 | ഒ.ഡി.എഫ് പ്ലസ് ബോർഡുകൾ സ്ഥാപിച്ച ഇനത്തിൽ ₹12625/- ഈടാക്കിയില്ല | 1-17 |
| 25 | അനർഹരായ സാമൂഹ്യസുരക്ഷാപെ**ൻ**ഷ**ൻ** ഗുണഭോക്താക്കൾക്ക് അധികതുക നൽകി | 1-18 |

| | | |
|---|---|---|
| 26 | കന്നുകുട്ടി പരിപാലനം-പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താക്കളുടെ വിഹിതം തിരികെ ലഭ്യമാക്കിയില്ല- ചെലവ് തടസ്സം ₹20600/- | 1-19 |
| 27 | ഹരിത കർമ്മസേനയ്ക്ക് വൈദ്യുത മുച്ചക്ര വാഹനം വാങ്ങൽ- നടപടികളിലെ അവധാനതക്കുറവും അശ്രദ്ധയും മൂലം അധികചെലവ് | 1-20 |
| 28 | ഡെപ്പോസിറ്റ് വർക്ക് -നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്ക് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20.02.2021-ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് ധനകാര്യസ്ഥിരം സമിതിയുടെ 18.2.2022-ലെ 1-ാം നമ്പർ തീരുമാനം, ഭരണസമിതിയുടെ 19.2.2022-ലെ 2(1) നമ്പർ തീരുമാനം എന്നിവ പ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം (₹) | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|---|
| മുന്നിരിപ്പ് | 1382836 | 1698858 |
| വരവ് | 127903846 | 107532454 |
| ആകെ | 129286682 | 109231312 |
| ചെലവ് | 125928846 | 106214433 |
| നീക്കിയിരിപ്പ് | 3357836 | 3016879 |

### 1-1-1 ബജറ്റിൽ അധികരിച്ച ചെലവ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (5) നിർദ്ദേശിക്കുന്ന പ്രകാരം തയ്യാറാക്കിയ പുതുക്കിയ ബജറ്റും സ്ഥാപനത്തിന്റെ യഥാർത്ഥ ചെലവു കണക്കുകളും തമ്മിൽ വ്യത്യാസം ഉണ്ട്. അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിനു വേണ്ടിയോ ചെലവാക്കാൻ പാടില്ലാത്തതാകുന്നു (വകുപ്പ് 214(6)). ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 2021-22 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരം | 2021-22 ലെ വാർഷിക കണക്ക് പ്രകാരം | ബജറ്റ് തുകയിൽ അധികരിച്ച് ചെലവ് ചെയ്തത് |
|---|---|---|---|
| കൃഷിയും അനുബന്ധ മേഖലകളും – മറ്റ് വിളകൾ (250100201) | 50000 | 297443 | 247443 |
| ഗ്രാന്റുകൾ260200199 | 74846 | 137500 | 62654 |
| പട്ടികജാതി ക്ഷേമത്തിനുള്ള പ്രത്യേക പരിപാടി 25301002) | 183600 | 197384 | 13784 |
| 251200901 സാനിറ്റേഷൻ | 356320 | 2176264 | 1819944 |

ആയതിനാൽ പുതുക്കിയ ബജറ്റ് തയ്യാറാക്കുമ്പോൾ, അത് വരെയുള്ള വരവ്/ചെലവുകളുടെ അടിസ്ഥാനത്തിൽ ബജറ്റ് എസ്റ്റിമേറ്റുകളിൽ മാറ്റം വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 11.07.2022 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 8952047 | 8952047 | 8952000 | 47 |
| | എസ്.സി.പി | 0 | 2206000 | 2206000 | 2195179 | 10821 |
| | റ്റി.എസ്.പി | 0 | 13800 | 13800 | 0 | 13800 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | | 0 | 4725984 | 4725984 | 1887607 | 2838377 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | | 0 | 2028495 | 2028495 | 1655883 | 372612 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 0 | 8760000 | 8760000 | 8043125 | 716875 |
| | റോഡിതരം | 0 | 4944681 | 4944681 | 3728009 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 7964000 | 7964000 | 7964000 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 25010 | 627615 | 652625 | 649746 | 2879 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 10718683 | 10718683 | 10718683 | 0 |
| | ഐ.സി.ഡി.എസ് | 102944 | 525051 | 627995 | 117835 | 510160 |
| | ടോട്ടൽ സാനിറ്റേഷൻ | 2271084 | 417457 | 2688541 | 1390946 | 1297595 |
| സംസ്ഥാനാവിഷ്കൃ പദ്ധതി | ശുചിത്വമിഷൻ | 595083 | 130000 | 725083 | 169025 | 556058 |
| | ആയുർവേദം | 28270 | 0 | 28270 | 0 | 28270 |
| | പകർച്ചവ്യാധി നിയന്ത്രണ ഗ്രാന്റ് | 356531 | 0 | 356531 | 0 | 356531 |
| | ഇ.എം.എസ്. | 300335 | 0 | 300335 | 0 | 300335 |
| | വിമുക്തി | 17517 | 0 | 0 | 12887 | 4630 |
| | സാക്ഷരത | 2781 | 84 | 2865 | 0 | 2865 |
| | ലൈഫ് – സംസ്ഥാന വിഹിതം (Scp Share) | 0 | 1200000 | 1200000 | 1170000 | 30000 |
| | ലൈഫ് ജനറൽ State Share | 0 | 1800000 | 1800000 | 600000 | 1200000 |
| | കോവിഡ് | | 130500 | 130500 | 0 | 130500 |
| | 320100299 ആശ്രയ | 0 | 1303200 | 1303200 | 1303200 | 0 |

1-3(i) സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത താഴെ പറയുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| വിഭാഗം | തുക (₹) |
|---|---|
| ജനറൽ | 1873334 |
| എസ്.സി.പി. | 102667 |

1-3-1 പട്ടികവർഗ്ഗ വികസനഫണ്ടിൽ തൻവർഷം ചെലവ് ഇല്ല

പട്ടികവർഗ്ഗ വികസനഫണ്ടിൽ തൻവർഷം GO(Rt)No 2617/2022/Fin/dt31-3-2022 പ്രകാരം ₹13800/- അലോട്ട്മെന്റ് ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല.

### 1-3-2 റോഡിതര മെയിന്റനൻസ് ഫണ്ടിൽ ചെലവ് 79.27ശതമാനം

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹4944681/- ൽ 2021-22 സാമ്പത്തിക വർഷം ₹3728009/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്ത് ലഭിക്കുകയുള്ളൂ. ബാക്കി തുക ലാപ്സാകുന്നതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| അലോട്ട്മെന്റ് | ചെലവ് | ബാക്കി | ചെലവ് ശതമാനം | 2022-23 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 4944681 | 3728009 | 1216672 | 75.39% | 988936 | 227736 |

### 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 151 | 69409389 | 121 | 32541387 | 28 | 80.13 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 2021 ഫെബ്രുവരി മാസം അംഗീകാരം ലഭിച്ചിരുന്നു. 6.94 കോടി രൂപ അടങ്കലിൽ 151 പ്രോജക്ടുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുമുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും, പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണനയ്ക്ക് വരാതെയാണ്.

6.94 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 47 ശതമാനമായ 3.25 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 151 പ്രോജക്ടുകളിൽ 80 ശതമാനത്തിൽ മാത്രമാണ് ഭാഗികമായെങ്കിലും സമയപരിധിക്കുള്ളിൽ ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ | നിർവ്വഹണ | ആവിഷ്കരിച്ച | നടപ്പാക്കിയ | നടപ്പാക്കിയ | അടങ്കൽ | ചെലവ് | ചെലവ് |
|---|---|---|---|---|---|---|---|

| നം. | ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | പ്രോജക്ടുകൾ | പ്രോജക്ടുകളുടെ ശതമാനം | (₹) | (₹) | % |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 5 | 71 | 2640511 | 1478162 | 56 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 100 | 2090000 | 1417500 | 68 |
| 3 | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 3 | 3 | 100 | 1350000 | 1257627 | 93 |
| 4 | മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 100 | 250000 | 249981 | 100 |
| 5 | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 5 | 5 | 100 | 750000 | 749996 | 100 |
| 6 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 19 | 16 | 84 | 36938238 | 8880190 | 24 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 2 | 100 | 2997300 | 2333455 | 78 |
| 8 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 100 | 1200000 | 695743 | 58 |
| 9 | സെക്രട്ടറി | 31 | 21 | 68 | 6232922 | 4266027 | 68 |
| 10 | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. എസ്. | 1 | 1 | 100 | 183600 | 131325 | 72 |
| 11 | അസിസ്റ്റന്റ് എഞ്ചിനിയർ | 72 | 59 | 82 | 14617618 | 11051301 | 76 |
| 12 | ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 100 | 159200 | 30080 | 19 |
| | ആകെ | | | | 69409389 | 32541387 | 47 |

പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതും അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ഭേദഗതി വരുത്തിയിട്ടുള്ളതും പിന്നീട് വന്ന ഗ്രാമസഭകളുടെ പരിഗണനയ്ക്ക് വെച്ച് അംഗീകാരം നേടിയിട്ടില്ല. 2021 ഫെബ്രുവരിയിൽ തന്നെ 2021-22 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല.

1-4-1 മോണിട്ടറിംഗ് സമിതി കാര്യക്ഷമമല്ല

അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി

റിപ്പോർട്ട് നൽകിയിട്ടുമില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്ത:സത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-4-2 പ്രൊക്യൂർമെന്റ്

സർക്കാർ ഉത്തരവ് ജി (ഒ പി)259/2010/എൽ.എസ്.ജി.ഡി തിയതി 08.11.2010 ഖണ്ഡിക 2.3 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധസ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തൻ വർഷം തയ്യാറാക്കിയിട്ടില്ല എന്ന് കണ്ടു. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരേ സാധന സാമഗ്രികളും സേവനങ്ങളും വ്യത്യസ്ത പദ്ധതികളിലായി വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വാങ്ങുമ്പോൾ ഒറ്റ ടെണ്ടർ/ക്വട്ടേഷൻ മുഖേന തന്നെ വാങ്ങുന്നതിനും സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ തന്നെ വാങ്ങുന്നതിനും പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 25010 | 627615 | 652625 | 651646 | 979 |
| മെറ്റീരിയൽ വില/ തൊഴിലാളികളുടെ വേതനം | 0 | 10718683 | 10718683 | 10718683 | 0 |

## 1-6 ക്ഷേമപെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13800 | 14 |
| കർഷക തൊഴിലാളി പെൻഷൻ | 5419200 | 360 |
| വിധവാപെൻഷൻ | 6001400 | 382 |
| വാർദ്ധക്യകാല പെൻഷൻ | 17993200 | 1219 |
| വികലാംഗ പെൻഷൻ | 2616000 | 168 |
| അവിവാഹിതർക്കുള്ള പെൻഷൻ | 339200 | 22 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.22 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9445/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ

വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതായി കാണുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷം ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി വകയിരുത്തിയ പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുന്ന വേളയിൽ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1) <u>അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ</u>

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2) <u>മുൻകൂർ രജിസ്റ്റർ</u>

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയ്ക്കായി തുക വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3) സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4) സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5) ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6) ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-8-7) പഞ്ചായത്തിൽ നിന്ന് ഇഷ്യൂ ചെയ്യുന്ന ചെക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഏതാവശ്യത്തിനാണ് ഇഷ്യൂ ചെയ്തത് എന്നതുൾപ്പടെയുള്ള വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

1-8-8) വിഇഒ, വെറ്റിനറി സർജൻ തുടങ്ങിയ നിർവ്വഹണോദ്യോഗസ്ഥർക്ക് പദ്ധതി ബാഹുല്യം നിമിത്തം നിർവ്വഹണത്തിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യങ്ങളിൽ ഗുണഭോക്തൃ വിഹിതം നേരിട്ട് പിരിച്ചെടുക്കുന്നതിന് പകരം ഫ്രണ്ട് ഓഫീസ് വഴി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പദ്ധതി നിർവ്വഹണം സുഗമമാക്കാവുന്നതാണ്.

1-8-9) വസ്തു നികുതിയിൽ വൻ കുടിശ്ശിക

| വസ്തു നികുതി ഇനം | കുടിശ്ശിക₹(വാർഷികക്കണക്ക് പ്രകാരം) |
|---|---|
| പാർപ്പിടം (തൻവർഷം) | 499,674 |
| പാർപ്പിടം (കുടിശ്ശിക) | 2,533,527 |
| പാർപ്പിടേതരം (തൻവർഷം) | 1,042,035 |
| പാർപ്പിടേതരം (കുടിശ്ശിക) | 6,897,478 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 243(1)-ാം വകുപ്പനുസരിച്ച്, ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണ്. കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ ശതമാനം തുകയും ഇതിനോടകം കാലഹരണപ്പെട്ടതാണ്. തന്മൂലം നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ദീർഘനാളുകളായി നികുതി കുടിശ്ശിക വരുത്തിയ ആളുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി രേഖ സൂക്ഷിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരവിനങ്ങളുടെ തൻവർഷത്തെ ആകെ ഡിമാന്റ് തുകയുടെ കുറഞ്ഞത് 90% എങ്കിലും പിരിച്ചെടുക്കാത്തപക്ഷം തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് വിഹിതത്തിൽനിന്ന് (പൊതു വിഭാഗം) പിഴയായി 1% തുക കുറവു ചെയ്യാൻ സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ജി.ഒ.(എംഎസ്) 179/2022 നമ്പർ ഉത്തരവു പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത് ഏറെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. കുടിശ്ശികയാവുന്ന തുകകൾ കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തി നടപടികൾ അവസാനിപ്പിക്കുന്ന പ്രവണത ഒട്ടുംതന്നെ ആശാസ്യമല്ല. നികുതി തുകകൾ കാലികമായി പിരിച്ചെടുക്കാൻ നിഷ്കർഷ ഉണ്ടാവേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

### 1-9 വാർഷികകണക്കിലെ അപാകതകൾ

1) ICDS CENTRAL SHARE നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് പ്രകാരം ₹510160/- ആണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ഈയിനത്തിൽ ₹496840/- ആണ് നീക്കിയിരിപ്പുള്ളത്.

2) ആയുവേദ വകുപ്പിൽ നിന്ന് Hospital Maintannance ന ലഭ്യമായ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ₹28270/- Treasury Account ൽ സൂക്ഷിച്ചിരിക്കുന്നു.

3) ICDS Central Share നീക്കിയിരിപ്പ് തുക ₹126783/- ഷെഡ്യൂൾ (40b) പ്രകാരമുള്ളത്, Dormant ആയ Treasury അക്കൗണ്ടിലാണ് ചേർത്തിട്ടുള്ളത്.

4) 40(b)പ്രകാരം NREGA നീക്കിയിരിപ്പ് ₹979/- ആണ്. എന്നാൽ B-4 പ്രകാരം ₹2879/- ആണ്. റീഫണ്ട് തുക ₹1500/- തനത് ഫണ്ടിൽ കൂട്ടിയത് NREGA അക്കൗണ്ടിൽ ചേർത്ത് അപാകത ക്രമീകരിക്കേണ്ടതാണ്.

5) CFLTC യുടെ കാത്തലിക് സിറിയൻ ബാങ്കിലെ അക്കൗണ്ടിൽ (035104157301190001), കളക്ടേറ്റിൽ നിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭ്യമായ തുകയിൽ ₹366320.75/- അവശേഷിക്കുന്നുണ്ട്. അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) വാർഷികകണക്കിലെ B-5, B-16 തുകകൾ പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിച്ച് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-9-1 കോവിഡ്-ഡൊണേഷൻ ലഭ്യമായ തുക ബാധ്യതയായി കാണിച്ചിരിക്കുന്നു

1) കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി വില്ലേജ് ഇന്റർനാഷണൽ സ്കൂളിൽ നിന്നും ഡൊണേഷൻ ഇനത്തിൽ ലഭ്യമായ തുക ₹60000/- (B-9) ബാധ്യതാ ഹെഡ്ഡിൽ സൂക്ഷിച്ചിരിക്കുന്നു.

2) കോവിഡ് 19 പശ്ചാത്തലത്തിൽ പഞ്ചായത്തിലെ ജനപ്രതിനിധികളുടെ ഓണറേറിയത്തിൽ നിന്നും കുറവു ചെയ്ത ₹130500/- ബാലൻസ് ഷീറ്റിൽ (ബി-4) ബാധ്യതാ ഹെഡ്ഡിൽ ചേർത്ത് തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ ബാധ്യതയിൽ നിന്ന് ഒഴിവാക്കി തനത് ഫണ്ടിന്റെ ഭാഗമാക്കുകയോ, ദുരിതാശ്വാസ നിധിയിലേക്ക് മാറ്റുകയോ ചെയ്യാവുന്നതാണ്.

### 1-9-2 വസ്തു നികുതി- അക്രൂവൽ ഡിമാന്റ് തുക വർഷാദ്യം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുടെ ഡിമാന്റ് നിർണയിക്കപ്പെടുന്നത്. ഇതിനായി ഡിമാന്റ് തുക സാമ്പത്തികവർഷാരംഭത്തിൽ തന്നെ (ഏപ്രിൽ മാസം ഒന്നാം തീയതി) കൃത്യമായി നിർണയിച്ച് തൻവർഷത്തെ വരുമാന-ചെലവ് പത്രികയിൽ (ഇൻകം &

എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ) ഉൾപ്പെടുത്തേണ്ടതാണ്. തുകയൊന്നും തദവസരത്തിൽ ലഭിച്ചിട്ടില്ലാത്തതിനാൽ സ്വാഭാവികമായും മുഴുവൻ തുകയും കിട്ടാനുള്ള വസ്തു നികുതി അഥവാ ആസ്തിയായി ആസ്തി-ബാധ്യതാ പത്രികയിൽ (ബാലൻസ് ഷീറ്റ്) പ്രതിഫലിക്കുന്നു. വസ്തു നികുതി പണമായി ലഭ്യമാകുന്ന മുറയ്ക്ക് കിട്ടാനുള്ള വസ്തു നികുതി എന്ന ആസ്തി കുറയുകയും പണം എന്ന ആസ്തി വരവ്-ചെലവ് പത്രികയിൽ (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്) വർദ്ധിക്കുകയും ചെയ്യുന്നതാണ്. പ്രസ്തുത ക്രമീകരണങ്ങളിലൂടെ വസ്തു നികുതി ഡിമാന്റ് – പിരിവ് – കുടിശ്ശിക എന്നിവ സംബന്ധിച്ച സമഗ്ര ചിത്രം ലഭ്യമാകുന്നു. എന്നാൽ കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ക്രമീകരണങ്ങൾ 01.04.2021-ൽ ഉൾപ്പെടുത്താതെ വർഷാവസാനം (2022 മാർച്ച് 31 ന്) ഡിമാന്റിൽ ഉൾപ്പെടുത്തി കണക്ക് തയ്യാറാക്കുകയാണ് ചെയ്തിരിക്കുന്നത്. ശരിയായ രീതിയിൽ അക്കൗണ്ടിങ്ങ് നടത്താത്തതിനാൽ കണക്കുകളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധ്യമല്ല. വരും വർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-10 വസ്തു നികുതി വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 എഎ വകുപ്പ് അനുസരിച്ച്, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണം പൂർത്തിയാകുകയോ ഉപയോഗപ്പെടുത്തുകയോ ഏതാണോ ആദ്യം വരുന്നത്, ആ തീയതി മുതൽ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ ലഭിക്കുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്ന തുക (പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കപ്പെടുന്നത് വരെ) വസ്തു നികുതിയായി ഈടാക്കേണ്ടതാണ്. “സഞ്ചയയിൽ” വരുത്തിയിട്ടുള്ള രേഖപ്പെടുത്തലുകൾ പ്രകാരം താഴെ സൂചിപ്പിക്കുന്ന അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈ നിരക്കിൽ ഈടാക്കിയിട്ടില്ല. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/24-11-2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ താഴെ സൂചിപ്പിക്കുന്ന കെട്ടിങ്ങളുടെ വസ്തു നികുതി സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലാണ് ഈടാക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | ഉടമ |
|---|---|---|
| 1 | VII 133 K | കെ.എം.മൂസ, നൂറുൾ ഇസ്ലാം ട്രസ്റ്റ് |
| 2 | VII 133 L | |
| 3 | VII 133 N | |
| 4 | VII 133 O | |
| 5 | VII 133 P | |
| 6 | XIII 279 B | |
| 7 | XIII 279 C | |
| 8 | XIII 279 D | |
| 9 | XIII 279 E | |
| 10 | XIII 279 F | |

ടി കെട്ടിടങ്ങളുടെ നിയമാനുസൃതമായ വസ്തു നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | കെട്ടിട നം. |
|---|---|

| | |
|---|---|
| 1 | IV 236 A |
| 2 | V 40 A |
| 3 | XII 79 A |
| 4 | V 40 C |

പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ട സ്ഥലങ്ങൾക്ക് പട്ടയം ലഭ്യമാകാത്തതിനാലാണ് അവയുടെ നികുതി വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്താത്തതും ക്രമവത്ക്കരിക്കാത്തതുമെന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 17) മറുപടി ലഭ്യമാക്കിയത്. നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം ടി കെട്ടിടങ്ങൾ ഭവനനിർമ്മാണത്തിനുള്ള സർക്കാർ ധനസഹായം ലഭ്യമായവയാണ്. ടി കെട്ടിടങ്ങളുടേയും സമാന രീതിയിൽ ഒഴിവാക്കപ്പെട്ടവയുടെയും വിവരങ്ങൾ സഞ്ചയിൽ ഉൾപ്പെടുത്തേണ്ടതും (U/a നമ്പർ നൽകി) നിയമാനുസൃത വിസ്തൃതിയിൽ അധികരിച്ചവയാണെങ്കിൽ വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

## 1-11 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

സഞ്ചയ പ്രകാരം സ്വകാര്യ ഹോസ്റ്റൽ എന്ന ഗണത്തിൽ വസ്തു നികുതി അടവാക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ഫാക്ടിയോസ് ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ വിവരം | ഉപയോഗക്രമം |
|---|---|---|---|
| 1 | 81/105 C | സിറിയക് ജോസ്, കുമ്പിളുവേലിൽ ഹൗസ് | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ |
| 2 | 81/105 D | സിറിയക് ജോസ്, കുമ്പിളുവേലിൽ ഹൗസ് | |
| 3 | 9/261 A | ജോജോ വർഗ്ഗീസ്, വേണാട്ട് | |
| 4 | 13/291 K | അനീഷ് മാത്യൂ, കൊച്ചു വെമ്പിള്ളിൽ | |
| 5 | 13/291 L | അനീഷ് മാത്യൂ, കൊച്ചു വെമ്പിള്ളിൽ | |
| 6 | 13/291 M | അനീഷ് മാത്യൂ, കൊച്ചു വെമ്പിള്ളിൽ | |
| 7 | 13/291 N | അനീഷ് മാത്യൂ, കൊച്ചു വെമ്പിള്ളിൽ | |

ടി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16/24-11-222 ന് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-12 തനത് ഫണ്ട് തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല- ഓഡിറ്റ് ഇംപാക്ട്

30.09.2022-ൽ വിവിധ ഇനങ്ങളിൽ ഫ്രണ്ട് ഓഫീസ് വരവായി ലഭിച്ച ₹24513/- തനത്ഫണ്ട് ബാങ്ക് അക്കൗണ്ടായ A/c നം.44540201001l988 ൽ വരവ് വച്ചിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ടി തുക 22-11-2022 ലാണ് ബാങ്ക് അക്കൗണ്ടിൽ വരവ് വന്നത്. തുക മറ്റൊരു വ്യക്തിയുടെ അക്കൗണ്ടിൽ ബാങ്കിന്റെ അപാകത മൂലം വരവ് വന്നതായും ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് തിരികെ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വച്ചതായും കണ്ടെത്തി. കൃത്യമായ പ്രതിമാസ റിക്കൺസിലിയേഷന്റെ അഭാവമാണ് ഇത്തരത്തിൽ അപാകത സംഭവിക്കാനുള്ള കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 26/2007 പ്രകാരം ഫ്രണ്ട് ഓഫീസിൽ വരവ് വന്ന പണം അക്കൗണ്ടുകളിൽ ഒടുക്കിയെന്ന് അക്കൗണ്ടന്റ് ഉറപ്പാക്കേണ്ടതും അപാകതകൾ ഉണ്ടെങ്കിൽ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. ഭാവിയിൽ അക്കൗണ്ടിംഗ് സംബന്ധമായ കാര്യങ്ങളിൽ കൃത്യമായ ജാഗ്രത പുലർത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## 1-13 2021 ഏപ്രിൽ മാസത്തെ വൗച്ചർ - പരിശോധനക്ക് ലഭ്യമാക്കിയില്ല

വൗച്ചർ നം : 52100001 മുതൽ 52100056 വരെ

2021 ഏപ്രിൽ മാസത്തെ വൗച്ചർ നമ്പർ 52100001 മുതൽ 52100056 വരെ യുള്ള വൗച്ചറുകൾ ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ബിൽ രജിസ്റ്റർ പ്രകാരം പ്രസ്തുത വൗച്ചറുകൾ പ്രകാരം ₹1228866/- ചെലവ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തിയ്യതി | ഇനം | തുക |
|---|---|---|---|---|
| 1 | 22100001 | 03-04-2021 | ജീവനക്കാരുടെ 3/21 ലെ ശമ്പളം | 314946 |
| 2 | 22100002 | 03-04-2021 | പി.ടി.എസ് 3/21 ലെ ശമ്പളം | 15255 |
| 3 | 22100003 | 03-04-2021 | പ്രസിഡന്റ് 3/21 ലെ ഹൊണറേറിയം | 13200 |
| 4 | 22100004 | 03-04-2021 | വൈസ് പ്രസിഡന്റ് 3/21 ലെ ഹൊണറേറിയം | 10600 |
| 5 | 22100005 | 03-04-2021 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ 3/21 ലെ ഹൊണറേറിയം | 24600 |
| 6 | 22100006 | 03-04-2021 | മെമ്പർമാരുടെ 3/21 ലെ ഹൊണറേറിയം | 56000 |
| 7 | 22100007 | 03-04-2021 | ഡയ്‌ലിവേജ് ശമ്പളം | 6000 |
| 8 | 22100008 | 03-04-2021 | കോൺട്രാക്ട് സ്റ്റാഫ് ശമ്പളം | 30995 |
| 9 | 22100009 | 08-04-2021 | ഡെപ്പോസിറ്റ് റീഫണ്ട് | 1000 |
| 10 | 22100010 | 08-04-2021 | വെഹിക്കിൾ ഹയർ ചാർജ് | 850 |
| 11 | 22100011 | 12-04-2021 | കോവിഡ് വാക്സിനേഷൻ അനൗൺസ്മെന്റ് | 1200 |
| 12 | 22100012 | 12-04-2021 | കോവിഡ് വാക്സിനേഷൻ - ഹാൾ അണുനശീകരണം | 2640 |
| 13 | 22100013 | 12-04-2021 | ഗ്രാമലക്ഷ്മി മുദ്രാലയം -റസീപ്റ്റ് ബുക്ക് | 2375 |
| 14 | 22100014 | 12-04-2021 | ഫാർമസിസ്റ്റ് ദിവസ വേതനം | 12600 |
| 15 | 22100015 | 13-04-2021 | റിഫ്രഷ്മെന്റ് ചാർജ് | 880 |
| 16 | 22100016 | 13-04-2021 | ദിവസവേതനം -ഡോക്ടർ | 43120 |
| 17 | 22100017 | 16-04-2021 | Cgst അടവാക്കിയത് | 30 |
| 18 | 22100018 | 16-04-2021 | Sgst അടവാക്കിയത് | 30 |
| 19 | 22100019 | 16-04-2021 | Flood Cess അടവാക്കിയത് | 5 |
| 20 | 22100020 | 16-04-2021 | 3/21 ലെ LIC പ്രീമിയം അടവാക്കിയത് | 7085 |
| 21 | 22100021 | 16-04-2021 | ഹാൻഡ് വാഷ് തുക അനുവദിച്ചത് | 130 |
| 22 | 22100022 | 16-04-2021 | 4/21 ലെ തെരുവ് വിളക്ക് ചാർജ് | 51981 |
| 23 | 22100023 | 16-04-2021 | മേലെക്കൊമ്പ് ഹൈമാസ്റ്റ് ലൈറ്റിന്റെ 3/21 ലെ വൈദ്യുതി ചാർജ് | 890 |
| 24 | 22100024 | 16-04-2021 | പഞ്ചായത്ത് ഓഫീസിന്റെ 3/21 ലൈ വൈദ്യുത ചാർജ് | 5073 |
| 25 | 22100025 | 16-04-2021 | വിവിധ ഹൈമാസ്റ്റ് ലൈറ്റുകളുടെ വൈദ്യുത ചാർജ് | 3509 |
| 26 | 22100026 | 17-04-2021 | ആർജിതാവധി പണമാക്കിയത് | 44733 |
| 27 | 22100027 | 17-04-2021 | കോവിഡ് - വാഹന വാടക | 3600 |
| 28 | 22100028 | 17-04-2021 | നിയമ സഭാ ഇലക്ഷൻ | 2387 |
| 29 | 22100029 | 17-04-2021 | പഞ്ചായത്ത് രാജ് പുസ്തകം പർച്ചേസ് | 2380 |
| 30 | 22100030 | 17-04-2021 | ഇലക്ഷൻ എക്സ്പെൻഡിച്ചർ | 17250 |
| 31 | 22100031 | 17-04-2021 | കോവിഡ് -അനൗൺസ്മെന്റ് | 1000 |
| 32 | 22100032 | 19-04-2021 | കോവിഡ് -അനൗൺസ്മെന്റ് | 1500 |

| | | | | |
|---|---|---|---|---|
| 33 | 22100033 | 20-04-2021 | Nps ജീവനക്കാരുടെ വിഹിതം | 13191 |
| 34 | 22100034 | 20-04-2021 | Nps സ്ഥാപന വിഹിതം | 13191 |
| 35 | 22100035 | 20-04-2021 | വസ്തു നികുതി -നോട്ടീസ് വിതരണം | 400 |
| 36 | 22100036 | 20-04-2021 | Nregs ആർജിതാവധി പണമാക്കിയത് റീക്ലപ്പ് ചെയ്തത്. | 24040 |
| 37 | 22100037 | 21-04-2021 | അംഗനവാടി വൈദ്യുതി ചാർജ് | 1777 |
| 38 | 22100038 | 21-04-2021 | സ്റ്റേഷനറി ചെലവുകൾ | 15820 |
| 39 | 22100039 | 22-04-2021 | കോവിഡ് - ജനറേറ്റർ വാടക | 1500 |
| 40 | 22100040 | 22-04-2021 | ഇന്ധനം തുക അനുവദിച്ചത് | 4395 |
| 41 | 22100041 | 22-04-2021 | എൻ.ആർ.ഇ.ജി.എസ്-വേതനം അനുവദിച്ചത്. | 222430 |
| 42 | 22100042 | 22-04-2021 | എൻ.ആർ.ഇ.ജി.എസ്-വേതനം റീക്ലപ്പ് ചെയ്തത്. | 48840 |
| 43 | 22100043 | 22-04-2021 | സെക്രട്ടറിയുടെ 2/21 ലെ ശമ്പളം | 38428 |
| 44 | 22100044 | 22-04-2021 | ഫാർമസിസ്റ്റ് വേതനം അനുവദിച്ചത് | 13950 |
| 45 | 22100045 | 22-04-2021 | കോവിഡ് -കാബിൻ നിർമ്മാണം | 3000 |
| 46 | 22100046 | 26-04-2021 | ശമ്പള റിക്കവറി -Kpepf | 54604 |
| 47 | 22100047 | 26-04-2021 | ശമ്പള റിക്കവറി- Gpf | 21500 |
| 48 | 22100048 | 26-04-2021 | ശമ്പള റിക്കവറി- Sli | 4200 |
| 49 | 22100049 | 26-04-2021 | ശമ്പള റിക്കവറി-gis | 3800 |
| 50 | 22100050 | 26-04-2021 | ശമ്പള റിക്കവറി-pension Contri | 42074 |
| 51 | 22100051 | 26-04-2021 | ശമ്പള റിക്കവറി-ksfe | 15000 |
| 52 | 22100052 | 26-04-2021 | കോവിഡ് -വാഹന വാടക | 1500 |
| 53 | 22100053 | 26-04-2021 | കോവിഡ് -അനൗൺസ്മെന്റ് | 1000 |
| 54 | 22100054 | 27-04-2021 | റോഡ് കട്ടിങ്- റീഫണ്ട്. | 1000 |
| 55 | 22100055 | 28-04-2021 | എ.ഇ ഓഫീസ് -നെറ്റ് ചാർജ് | 1545 |
| 56 | 22100056 | 29-04-2021 | ലാൻഡ് ഫോൺ ചാർജ് | 3843 |
| | | | | 1228866 |

വൗച്ചറുകൾ പരിശോധനക്കായി ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹1228866/-തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം .19 തീയതി 25-11-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-14 എൻ.പി.എസ് വിഹിതം- നാളിത് വരെ അടവാക്കിയിട്ടില്ല

വൗച്ചർ നം : 52100104 Dt 5-05-2021

ചെലവ് : ₹ 156915/-

ഇനം : ക്ഷാമബത്ത കുടിശ്ശിക -എൻ.പി.എസ് വിഹിതം

വൗച്ചർ നമ്പർ 52100104 Dt 05-05-2021 പ്രകാരം ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക ടിയാളുകളുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുണ്ട്. എന്നാൽ പുതിയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർത്ത ജീവനക്കാരുടെ എൻ.പി.എസ് വിഹിതം പ്രൊവിഡന്റ് ഫണ്ടിൽ അടവ് വരുത്തുവാനുള്ള തുകയിൽ നിന്ന് കുറവ് വരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയും സ്ഥാപന വിഹിതവും നാളിത് വരെ അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | ജീവനക്കാരന്റെ വിഹിതം |
|---|---|---|
| 1 | ദിവ്യ. എം.വി., ക്ലർക്ക് | 5410 |

| | | |
|---|---|---|
| 2 | ജോൺസൺ എഫ്., ഡ്രൈവർ ഗ്രേ.l. | 5646 |
| 3 | നിഷ മേരി ജോർജ്, ക്ലർക്ക് | 5271 |
| 4 | രമ്യ രവി, സീനിയർ ക്ലർക്ക് | 6389 |
| | ആകെ | 22716 |

ടി തുകയും സ്ഥാപന വിഹിതവും അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-15 ആർജിതാവധി പണമാക്കൽ - ടെക്നിക്കൽ അസിസ്റ്റന്റിന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല

വൗച്ചർ നം : 52100726 Dt 30-03-2022

ചെലവ് : ₹30995/-

ഇനം : ആർജിതാവധി പണമാക്കൽ - ടെക്നിക്കൽ അസിസ്റ്റന്റിന് തുക അനുവദിച്ചത്

വൗച്ചർ നമ്പർ 52100726 Dt 30-03-2022 പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റിന് ആർജിതാവധി പണമാക്കൽ ഇനത്തിൽ ₹30995/- അനുവദിച്ചിട്ടുണ്ട്. ജി.ഒ(പി) നം.104/2021/ഫിൻ. 26/7/2021 ഉത്തരവ് പ്രകാരം 28-2-2022 വരെയും, ജി.ഒ(പി) നം.160/2021/ഫിൻ. 01/12/2021 ഉത്തരവ് പ്രകാരം 31-3-2022 വരെയും ആർജിതാവധി പണമാക്കൽ മരവിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. (പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും മാത്രമാണ് ഇളവ് അനുവദിച്ചിട്ടുള്ളത്.) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-16 പഞ്ചായത്തിന്റെ മെഡിക്കൽ ഓഫീസർമാർ മരുന്ന് വാങ്ങുന്നതിന് തുക നൽകിയിട്ടും മരുന്ന് ലഭ്യമാകാത്തത് -സംബന്ധിച്ച്

പഞ്ചായത്തിന്റെ മെഡിക്കൽ ഓഫീസർമാർ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടും നൽകിയ തുകയ്ക്ക് പൂർണ്ണമായി മരുന്ന് ലഭ്യമായില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നം./ പേര് | നൽകിയ തുക/ ബിൽ നം. | ലഭ്യമായ മരുന്നിന്റെ വില | ബാക്കി | പണം നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 44/21-22 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | 400000-BRN 211005520 10900417751/ 16.09.2021<br>400000-BRN 211005520 10901396091/ 21.3.2022 | 607671 | 192329 | കെ.എം.എസ്.സി.എൽ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 96000-XVFC/2021-22 /30.03.2022 | 63243 | 32757 | ഔഷധി |

ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 ഒ.ഡി.എഫ് പ്ലസ് ബോർഡുകൾ സ്ഥാപിച്ച ഇനത്തിൽ ₹12625/- ഈടാക്കിയില്ല

വൗച്ചർ നം : 52100406 Dt 11-10-2021

ചെലവ് : 12625

നിർവ്വഹണം: സെക്രട്ടറി

ഇനം : ഒ.ഡി.എഫ് പ്ലസ് - ബോർഡുകൾ സ്ഥാപിച്ചത്

വൗച്ചർ നമ്പർ 52100406 Dt 11-10-2021 പ്രകാരം സ്വച്ഛ് ഭാരത് മിഷൻ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഒ.ഡി.എഫ് പ്ലസ് ബോർഡുകൾ സ്ഥാപിച്ച ഇനത്തിൽ ₹12625/- ശ്രീ. വാസുദേവൻ എന്നയാൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ബോർഡുകൾ സ്ഥാപിച്ചത് സംബന്ധമായ ബില്ലുകളും വൗച്ചറുകളും വാല്യുവേഷൻ സർട്ടിഫിക്കറ്റ് സഹിതം സമർപ്പിക്കുന്ന മുറക്ക് ചെലവ് തുക അനുവദിക്കുമെന്നാണ് ശുചിത്വ മിഷൻ കോ ഓഡിനേറ്റർ നം.49/2021/SBM/DK തി.30-07-2021 കത്ത് മുഖേന അറിയിച്ചിരുന്നത്. വാല്യുവേഷൻ പൂർത്തിയാക്കി തുക റീ ക്ലപ്പ് ചെയ്ത് വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-18 അനർഹരായ സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കൾക്ക് അധികതുക നൽകി

പഞ്ചായത്തിൽ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് സേവന പെൻഷൻ സോഫ്റ്റ് വെയറിലും തൻ വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടിലും ലഭ്യമായ വിവരങ്ങൾ ചേർത്ത് പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പേര് | പെൻഷണർ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | തുക₹ |
|---|---|---|---|---|---|
| 1 | മറിയം ജോൺ | Xxxx0359 | 03.05.21 | 5/21-9/22 | 27200 |
| 2 | തൊമ്മൻ | Xxxx0151 | 05.05.21 | 5/21-4/22 | 19200 |
| 3 | അബ്ദുൾ കരിം | Xxxx1057 | 19.04.21 | 4/21-4/22 | 20800 |
| 4 | ഐപ്പ് തോമസ് | Xxxx1435 | 30.05.21 | 9/21-4/22 | 14400 |
| 5 | ഫിലിപ്പ് ജോസഫ് | Xxxx0224 | 04.07.21 | 9/21-4/22 | 6400 |
| 6 | ഗൌരി നാരായണൻ | Xxxx0171 | 11.07.21 | 7/21-10/21 | 6400 |
| 7 | ഭവാനി തങ്കപ്പൻ | Xxxx0388 | 11.07.21 | 7/21-9/22 | 24000 |
| 8 | ആമിന മൊയ്തീൻ | Xxxx0334 | 14.07.21 | 7/21-4/22 | 16000 തുക കൈമാറിയില്ല |
| 9 | ജേക്കബ് ഫിലിപ്പ് | Xxxx0143 | 13.01.21 | 1/21-6/21 | 9600 |
| 10 | മറിയക്കുട്ടി | Xxxx0313 | 29.08.21 | 8/21 | 1600 |
| 11 | ലക്ഷ്മി കുമാരൻ | Xxxx0101 | 04.09.21 | 9/21-10/21 | 3200 |
| 12 | നീലാംബരൻ | Xxxx0493 | 28.08.21 | 8/21-9/22 | 20800 |
| 13 | മധുര അണിയാൻ | Xxxx0105 | 10.09.21 | 9/21-4/22 | 12800 |
| 14 | ഇന്ദിര ബാലകൃഷ്ണൻ | Xxxx0527 | 13.09.21 | 9/21-9/22 | 22400 |
| 15 | അന്നക്കുട്ടി | Xxxx0169 | 30.09.21 | 9/21 | 1600 |
| 16 | ജോസഫ് പി.എ | Xxxx6097 | 14.10.21 | 10/21-9/22 | 19200 |
| 17 | തങ്കച്ചൻ ഈച്ചരൻ | Xxxx0159 | 16.10.21 | 10/21-4/22 | 12800 |
| 18 | ഷെരീഫ മുഹമ്മദ് | Xxxx0188 | 28.10.21 | 10/21-4/22 | 12800 |

| | | | | | |
|---|---|---|---|---|---|
| 19 | ജോസഫ് | Xxxx1015 | 28.10.21 | 10/21-4/22 | 12800 |
| 20 | കല്ല്യാണി | Xxxx0073 | 31.10.21 | 10/21-9/22 | 19200 |
| 21 | അയ്യപ്പൻ | Xxxx0072 | 31.10.21 | 10/21-9/22 | 19200 |
| 22 | അഗസ്റ്റിൻ | Xxxx0008 | 25.11.21 | 11/21 | 1600 |
| 23 | കിളിയാൾ | Xxxx0129 | 13.08.21 | 8/21-9/22 | 22400 |
| 24 | മിനി രാഘവൻ | Xxxx0612 | 08.12.21 | 12/21-9/22 | 16000 |
| 25 | റോസി ഫ്രാൻസിസ് | Xxxx0509 | 8.12.21 | 12/21-1/22 | 3200 |
| 26 | എ.ജെ.പൌലോസ് | Xxxx0280 | 6.12.21 | 12/21-9/22 | 16000 |
| 27 | വർഗ്ഗീസ് വർക്കി | Xxxx0826 | 11.12.21 | 12/21-4/22 | 8000 |
| 28 | തങ്ക ചോതി | Xxxx0015 | 24.12.21 | 12/21 | 1600 |

ഗ്രാമപഞ്ചായത്തിൽ തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ടവയിൽ ഏതാനും മാസങ്ങളിലെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ഗുണഭോക്താക്കളുടെ മാത്രം വിവരമാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്നും 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിന് ശേഷം മരണപ്പെട്ട ഏതാനും ഗുണഭോക്താക്കൾക്ക് പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കുകയെന്ന നടപടിക്രമം ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ തുടർന്നും അനുവദിക്കാനിടയുണ്ട്.

23.09.2020-ലെ സ.ഉ(സാധാ)97/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക സി(12)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക സി(13) പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷന് അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം തുക കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിനു സാധിക്കു. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന., തീ.17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-19 കന്നുകട്ടി പരിപാലനം-പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താക്കളുടെ വിഹിതം തിരികെ ലഭ്യമാക്കിയില്ല- ചെലവ് തടസ്സം ₹20600/-

പ്രോജക്ട്.നം.80/22 കന്നുകട്ടി പരിപാലനം (വനിത)

നിർവഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

ചെലവ്-₹325000/- ബിൽ നം.21100552011400769299.തീ.10.12.2021

ഒരു ഗുണഭോക്താവിന് ₹12500/- പ്രകാരം 26 ഗുണഭോക്താക്കൾക്കുള്ള വിഹിതമാണ് മേൽ ബിൽ പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർക്ക് അയച്ച് കൊടുത്തിട്ടുള്ളത്. 2021 ഡിസംബറിൽ ആരംഭിച്ച് 2022 ഓഗസ്റ്റിൽ അവസാനിച്ച 9 മാസങ്ങളിലേക്ക് ₹1350/-പ്രകാരമുള്ള കാലിത്തീറ്റ സബ്സിഡിയും ഇൻഷ്വറൻസ് പ്രീമിയവും ചേർന്നതാണ് ടി തുക. ഈ പദ്ധതിയുടെ 3 ഗുണഭോക്താക്കൾ പദ്ധതി മദ്ധ്യേ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള സാഹചര്യത്തിൽ ഇവരുടെ പേരിൽ ബാക്കിയുള്ള വിഹിതം ജില്ലാ പ്രൊജക്ട് ഓഫീസിൽ നിന്നും തിരികെ ലഭ്യമാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്തൃ പട്ടികയിലെ ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബാക്കിയുള്ള ഗഡുക്കളുടെ എണ്ണം/തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 20 | സുധ ടി. ടി. കാര്യപ്പടിക്കൽ | 2 X 1350= ₹2700/- | ജൂൺ-2022 ന് ശേഷം ആനുകൂല്യം കൈപ്പറ്റിയില്ല |
| 2 | 24 | സൈനബ കൊച്ചുമുഹമ്മദ് | 4 X 1350= ₹5400/- | ഏപ്രിൽ-2022 ന് ശേഷം ആനുകൂല്യം കൈപ്പറ്റിയില്ല |
| 3 | 25 | മേരി ആഗ്നസ് മാടവന | മുഴുവൻ തുകയും ₹12500/- | പദ്ധതി ആരംഭത്തിൽ തന്നെ മരണപ്പെട്ടു |
| | | ആകെ | 20600/- | |

തിരികെ ലഭ്യമാക്കുവാനുള്ള തുക (₹20600/-) തടസ്സപ്പെടുത്തുന്നു.

1-20 ഹരിത കർമ്മസേനയ്ക്ക് വൈദ്യുത മുച്ചക്ര വാഹനം വാങ്ങൽ- നടപടികളിലെ അവധാനതക്കുറവും അശ്രദ്ധയും മൂലം അധികചെലവ്

പദ്ധതി നം. 120 ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ റിക്ഷ

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ചെലവ്-ജില്ലാ ശുചിത്വ മിഷൻ ₹350000/- (നേരിട്ട് നൽകി എന്നാണ് സെക്രട്ടറി വിശദീകരിച്ചത്)

തനത് ഫണ്ട്-₹65141/- (വൗച്ചർ.22100819.Dt.18.03.22)

ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ 24.12.2021 ലെ 49/2021/SBM/IDK നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ, (മെക്കാനിക്കൽ) ജലസേചനവകുപ്പിൽ നിന്നും ലഭിച്ച സ്പെസിഫിക്കേഷൻ അയച്ച് നൽകിക്കൊണ്ട് GEM പോർട്ടൽ മുഖേന ബാറ്ററി ഓപ്പറേറ്റഡ് മുച്ചക്രവാഹനം വാങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കാൻ പഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു. ഈ ശുപാർശ പ്രകാരം 'GEM' ൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള Ape Cargo For Garbage Application ₹249970/-, Ape Extra ₹235000/- എന്നിവയിൽ ഏതെങ്കിലും ഒന്ന് വാങ്ങാനാണ് നിർദ്ദേശിച്ചിരുന്നത്.

എന്നാൽ പഞ്ചായത്ത് GEM പോർട്ടലിൽ ബാറ്ററി ഓപ്പറേറ്റഡ് മുച്ചക്രവാഹനം തിരയുന്നതിന് പകരം 'ഇലക്ട്രിക് ഓട്ടോ റിക്ഷ' എന്ന് തിരയുകയും ഈ കാറ്റഗറിയിൽ ആവശ്യമായ വാഹനം ലഭ്യമല്ല എന്ന് ശുചിത്വ മിഷനെ അറിയിച്ച് ശുചിത്വ മിഷന്റെ അനുമതി വാങ്ങി ടെണ്ടർ നടപടി സ്വീകരിക്കുകയും സ്വച്ച് ഭാരത് മിഷൻ പേസ് 2 ഖര ദ്രവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ബാറ്ററി ഓപ്പറേറ്റഡ് വാഹനം

വാങ്ങാൻ ജില്ലാ ശുചിത്വ മിഷൻ അനുവദിച്ച ₹350000/- പഞ്ചായത്ത് തനത് ഫണ്ട് ₹65141/- എന്നിവ വിനിയോഗിച്ച് -ആകെ ₹415141/- (ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല) MAHINDRA TRIO ZOR എന്ന മുച്ചക്ര വാഹനം വാങ്ങുകയും ചെയ്തു.

ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ നിർദ്ദേശം മനസ്സിലാക്കി പാലിക്കുന്നതിൽ ഉണ്ടായ വീഴ്ച മൂലം ₹180141/- (415141-235000) (നിലവിൽ വാങ്ങിയ വാഹനത്തിന്റെ സമാന സ്പെസിഫിക്കേഷനിലുള്ളത്) അധികച്ചെലവുണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഭാവിയിലെ വാങ്ങലുകളിൽ അതീവ ശ്രദ്ധ പുലർത്തുന്നതിലേയ്ക്കായി ഈ വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-21 ഡെപ്പോസിറ്റ് വർക്ക് -നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചില്ല

2020-21 ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുള്ള വിവരം ഖണ്ഡിക 4-3 ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നാളിതുവരെയായും ടി പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തൊടുപുഴ | എസ് 167/21 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 20100552018 400154369/ തീ.11.04.2020 | 101598 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയില്ല | വ്യക്തമല്ല |
| | എസ് 115/2111-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ പുതിയ ലൈൻ സ്ഥാപിക്കൽ | 20100552018 401309537/ തീ.20.03.2021 | 113182 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയില്ല | വ്യക്തമല്ല |
| കേരള വാട്ടർ അതോറിറ്റി (PH ഡിവിഷൻ) തൊടുപുഴ | എസ് 261/2021 മാളികപ്പടി പാതാഴപ്പാറ റോഡ് സൈഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 20100552018 401309564/ തീ.20.03.2021 | 73000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയില്ല | വ്യക്തമല്ല |
| | എസ് 112/2021 പെരുമാങ്കണ്ടം-മൈലാട്ടംചിറ റോഡ് സൈഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 20100552018 401145708/ തീ.24.02.2021 | 225400 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയില്ല | വ്യക്തമല്ല |
| കേരള സ്റ്റേറ്റ് ഐ.ടി മിഷൻ | പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (എസ്.സി) | 20100552011 501426382, 29.03.2021 | 109840 | 0 | |

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച് പുറപ്പെടുവിച്ചു | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 320000 | ലൈഫ് ഭവനപദ്ധതി വീട് ലഭ്യമാക്കൽ (ജനറൽ) | 320000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | ലൈഫ് ഭവനപദ്ധതി വീട് ലഭ്യമാക്കൽ-പട്ടികജാതി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 220000 | ലൈഫ് മിഷൻ – പട്ടികജാതി അഡീഷണൽ ലിസ്റ്റ് | 220000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 189500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ബത്ത നൽകൽ | 189500 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 168225 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ബത്ത നൽകൽ | 168225 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 310541 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 310541 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 475150 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 475150 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 295743 | പാലിന് സബ്സിഡി - വനിത | 295743 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | പാലിന് സബ്സിഡി | 200000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്ക്

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-5 വായ്പ തിരിച്ചടവ്

തൻവർഷം LIFE ഭവന പദ്ധതി വായ്പയിനത്തിൽ വരവ് ഇല്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| LIFEഭവന പദ്ധതിക്കുള്ള ഹഡ്കോ വായ്പ (KURDFC മുഖേന ലഭ്യമാക്കുന്നത്) | ജി.ഒ (എം.എസ്) നം.68/2018/ എൽ.എസ്. ജി.ഡി തി.18.05.2018 | 8415882 | 7376001 | 0 | 1100001 | 0 | 6276000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1200/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-2008 | 3-4 | 1200 | ശ്രീമതി. സാലിയമ്മ തോമസ്, ജെ.എസ് | 121020102930/27.12.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഇല്ല

## 4-9 ചാർജ് സർചാർജ് തുകകളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 8512546 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 48972924 |
| ആകെ | : | 57485470 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46942766 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | : | 10542704 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1249466 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1228866 | ശ്രീമതി. ഷേർലി ജോൺ, സെക്രട്ടറി |
| 1-19 | 20600 | ഡോ. പ്രീത സൈമൺ, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷേർലി ജോൺ, സെക്രട്ടറി | സെക്രട്ടറി, കുമാരമംഗലം ഗ്രാമപഞ്ചായത്ത് | കൊടിത്തോപ്പിൽ, മുട്ടം പി.ഓ., ഇടുക്കി ജില്ല |
| ഡോ. പ്രീത സൈമൺ, വെറ്ററിനറി സർജൻ | ജില്ലാ ലാബ്, തൊടുപുഴ | കരുപ്ലാക്കൽ, കരിംകുന്നം പി.ഒ., ഇടുക്കി ജില്ല |

4-11 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം. | ഖണ്ഡിക എണ്ണം |
|---|---|---|---|
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-7/767/18/ തീ.12.06.18 | 34, 35, 36,37,38, 40 | 6 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-7/ 767/18/ തീ.12.06.18 | 21 | 1 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-7/ 767/18/ തീ.12.06.18 | 3- 4, 3-5, 3-6 | 3 |
| 2008-09 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2008-09 | 2-1, 3-1 മുതൽ 3-7 | 8 |

| | | | |
|---|---|---|---|
| | അദാലത്ത് -സെപ്റ്റംബർ )/ 2022 തീയതി. 02.09.2022 | വരെ | |
| 2009-10 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2009-10 അദാലത്ത് -സെപ്റ്റംബർ )/ 2022 തീയതി. 02.09.2022 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3 | 7 |
| 2014-15 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2014-15 അദാലത്ത് -സെപ്റ്റംബർ )/ 2022 തീയതി. 02.09.2022 | 2-2 | 1 |
| 2015-16 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2015-16 അദാലത്ത് -സെപ്റ്റംബർ )/ 2022 തീയതി. 02.09.2022 | 2-1(ബി), 3-1 | 2 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2016-17 അദാലത്ത് -സെപ്റ്റംബർ )/ 2022 തീയതി. 02.09.2022 | 2-5, 3-1 | 2 |
| 2018-19 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1283/(2018-19 അദാലത്ത് -സെപ്റ്റംബർ )/ 2022 തീയതി. 02.09.2022 | 1-12 | 1 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-07/650/22 തീയതി. 10.05.2022 | 1-14, 1-15, 1-16 | 3 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-07/878/21 തീ:30.09.2021 | 1-9, 1-10, 1-11, 1-12, 1-13, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-22 | 12 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്